"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

"NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor, Kulasekharapuram Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജലവിഭവ (ജലവിതരണ-ബി) വകുപ്പ്**

സ.ഉ.(കൈ) നം.73/2025/WRD തീയതി,തിരുവനന്തപുരം, 10-10-2025

---

പരാമർശം:-

1. സ.ഉ (പി) നം. 375/2015/ധന തീയതി 24.08.2015.
2. സ.ഉ (പി) നം. 16/2017/ധന തീയതി 06.02.2017.
3. സ.ഉ (സാധ) നം. 429/2021/ജ.വി.വ തീയതി 25.08.2021.
4. സ.ഉ (സാധ) നം. 489/2021/ജ.വി.വ തീയതി 18.09.2021.
5. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 19/12/2024, 18/09/2025 തീയതികളിലെ KWA-JB/620/2023-DCE1-PIU നമ്പർ കത്തുകൾ.

**ഉത്തരവ്**

"NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor, Kulasekharapuram Panchayaths in Karunagappally Taluk" എന്ന പദ്ധതിയുടെ കിണർ, റോവാട്ടർ പമ്പിംഗ് മെയിൻ, 44 എം.എൽ.ഡി ശേഷിയുടെ ജല ശുദ്ധീകരണ ശാല എന്നിവ ഉൾപ്പെടെയുള്ള ഉൽപാദന ഘടകങ്ങൾക്ക് പരാമർശം (3) പ്രകാരം 65.30 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ജലസംഭരണികൾ, വിതരണ ശൃംഖല, എഫ്.എച്ച്.റ്റി,സി- കൾ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾക്കുള്ള ഭരണാനുമതി പരാമർശം (4) പ്രകാരം നൽകിയിരുന്നു. 44 എം.എൽ.ഡി ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി നബാർഡിന് കീഴിൽ ഇതിനകം അനുവദിച്ചിട്ടുള്ളതും, പണി പുരോഗമിക്കുകയുമാണ്. ഇൻടേക്ക് വെൽ കം പമ്പ് ഹൗസ്, 900mm DI K9 റോ വാട്ടർ പമ്പിംഗ് മെയിൻ, അപ്രോച്ച് ബ്രിഡ്ജ് സബ്സ്റ്റേഷൻ കെട്ടിടം, ട്രാൻസ്ഫോർമർ, പമ്പ് സെറ്റുകൾ തുടങ്ങി ശേഷിക്കുന്ന ഘടകങ്ങൾ ഒരൊറ്റ പാക്കേജായി ക്രമീകരിക്കുകയുണ്ടായി. ആവർത്തിച്ച് ദർഘാസ് ക്ഷണിച്ചിട്ടും ബിഡ്ഡേഴ്സിന്റെ മോശം പ്രതികരണം കാരണം പ്രസ്തുത പ്രവൃത്തി അനുവദിക്കുവാൻ കഴിഞ്ഞില്ലെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സർക്കാരിനെ അറിയിക്കുകയുണ്ടായി.

2. പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുനർനിർണയിക്കുകയും, 09.07.2024 തീയതിയിൽ 1566 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി കേരള വാട്ടർ അതോറിറ്റി നൽകുകയും ചെയ്തു. പ്രസ്തുത പ്രവൃത്തിയ്ക്ക് 1326.66 ലക്ഷം രൂപ Tendered PAC ആയി ദർഘാസ് ക്ഷണിക്കുകയുണ്ടായി. ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ 23.09.2024- ന് പുന:ദർഘാസ് ക്ഷണിച്ചു.

3. പുന:ദർഘാസിൽ "M/s Noble Tech Engineering Pvt Ltd" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു. 14.10.2024- ന് ചേർന്ന സ്പെഷ്യൽ ടെക്നിക്കൽ കമ്മിറ്റി സാങ്കേതിക ബിഡുകൾ വിലയിരുത്തിയ ശേഷം ഏക ബിഡ്ഡറെ പ്രീ-ക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. കരാറുകാരൻ ക്വാട്ട് ചെയ്ത 17,18,00,682.49/- രൂപ TPAC ആയ 13,26,66,408/- രൂപയേക്കാൾ 29.5% അധികരിച്ചതായിരുന്നവെന്നും, ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിന് കരാറുകാരനുമായി negotiation നടത്തിയപ്പോൾ ക്വാട്ട് ചെയ്ത തുക TPAC യേക്കാൾ 27.58% അധികരിച്ച 16,92,61,967/- രൂപയായി കുറയ്ക്കുന്നതിന് കരാറുകാരൻ തയ്യാറായെന്നും പരാമർശം (5) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുകയുണ്ടായി.

4. പരാമർശം (2) - ലെ സർക്കാർ ഉത്തരവ് പ്രകാരം DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക, ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ് അംഗീകരിക്കേണ്ടത്. ഇതിൽ കുറഞ്ഞ തുകയും പ്രാദേശിക വിപണി നരക്കുമായ 14,08,61,258.31/- രൂപയ്ക്കു മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

5. 2018 ലെ DSoR- നെ അപേക്ഷിച്ച് താഴെപ്പറയുന്നവയുടെ സമീപകാല വില വ്യതിയാനങ്ങളാണ് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്തതിന് പ്രധാന കാരണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നിരീക്ഷിക്കുകയും താഴെ പറയുന്നവ റിപ്പോർട്ടു ചെയ്യുകയും ചെയ്തു.

1. Work is estimated based on 2018 DSR.
2. There is hike of 11% in the cost of 900mm DI pipe in 2023 DSR compared to 2018 DSR.
3. In 2023 DSR, labour charges are increased by 200% to 30% compared to 2018 DSR.
4. There is a hike of 20% in the cost of steel bars in 2023 DSR compared to 2018 DSR.
5. The work was tendered multiple times under both JJM and NABARD heads, but no favourable offer received.

പ്രസ്തുത പ്രവൃത്തിയ്ക്ക് പലതവണ ടെൻഡർ ക്ഷണിച്ചുവെന്നും, ഇപ്പോൾ ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂവെന്നും, വീണ്ടും ടെൻഡർ ചെയ്താലും കൂടുതൽ ഓഫറുകൾ ലഭിക്കാനുള്ള സാധ്യത വളരെ കുറവാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഈ സാഹചര്യത്തിൽ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ആവശ്യമായ അനുമതിക്കായി പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത പ്രവൃത്തിയുടെ നബാർഡ്-ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVII ന്റെ കാലാവധി 2026 മാർച്ചോടെ പൂർത്തിയാകുമെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

6. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അനവധി പ്രാവശ്യം ടെണ്ടർ ചെയ്ത കേസാണിത്. കൂടാതെ 2024-ലാണ് ടെണ്ടർ ചെയ്തതെങ്കിലും 2018 ഡി.എസ്.ആർ പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പൈപ്പുകൾ, ലേബർ ചാർജ്ജ്, സ്റ്റീൽ കമ്പി എന്നിവയ്ക്ക് ഗണ്യമായ വിലവർദ്ധന ഡി.എസ്.ആർ 2018-ൽ നിന്നും ഡി.എസ്.ആർ. 2023-ൽ കാണുന്നു. കൂടാതെ നബാർഡ് പദ്ധതി ആയതിനാൽ കാലതാമസം ഉണ്ടാകുന്നത് നബാർഡ് ധനസഹായം നഷ്ടമാകുന്നതിന് കാരണമാകും.

7. പ്രസ്തുത സാഹചര്യത്തിൽ "NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor,

Kulasekharapuram, Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച single bidder ആയ "M/s Noble Tech Engineering Pvt. Ltd, Noble House, M.K.K Nair Road, Palarivattom, Cochin -25" ക്വാട്ട് ചെയ്ത ദർഘാസ് Tendered PAC യേക്കാൾ 27.58% അധികരിച്ച തുകയായ 16,92,61,967/- രൂപയ്ക്ക് (പതിനാറ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ മാത്രം) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (08.10.2025 -ലെ ഇനം. 3318 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. 3022352/NC-A1/9/2025-Fin)
5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Khadeeja Alungal
Date: 13-10-2025 10:51:18

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസ്- ന്

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്- ന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-10-2025

ഫയൽ നം. ഡബ്ല്യൂ.എസ്.-ബി1/4/2025/ജ.വി.വ. ഇനം നം: 3318

വിഷയം : ജലവിഭവ വകുപ്പ് - "NABARD - RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor, Kulasekharapuram Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC -യെക്കാൾ 27.58% അധികരിച്ച 16,92,61,967/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
10 OCT 202

3318

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ എസ്- ബി1/4/2025-ജ.വി.വ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | "NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor Kulasekharapuram Panchayaths in Karunagappally Taluk "എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 27.58% അധികരിച്ച 16,92,61,967/- രൂപയ്ക്ക് ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14/08/2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | ഉണ്ട് |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. അതെ |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. സജികുമാർ. ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ. ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 23/09/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ. ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/10/2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | | 07/10/2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/10/2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

"NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor Kulasekharapuram Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച Tendered PAC യേക്കാൾ 27.58% അധികരിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2. പ്രസ്തുത ജലവിതരണ പദ്ധതിയുടെ കിണർ, റോവാട്ടർ പമ്പിംഗ് മെയിൻ, 44 എം.എൽ.ഡി ശേഷിയുടെ ജല ശുദ്ധീകരണ ശാല എന്നിവ ഉൾപ്പെടെയുള്ള ഉൽപാദന ഘടകങ്ങൾക്കുള്ള 65.30 കോടി രൂപയുടെ ഭരണാനുമതി 25.08.2021 തീയതിയിലെ സ.ഉ (സാധ) നം. 429/2021/ജ.വി.വ പ്രകാരം നൽകിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ജലസംഭരണികൾ, വിതരണ ശൃംഖല, എഫ്.എച്ച്.റ്റി,സി - കൾ എന്നിവയുൾപ്പെടെയുള്ള പ്രവൃത്തികൾക്കുള്ള ഭരണാനുമതി 18.09.2021 തീയതിയിലെ സ.ഉ (സാധ) നം. 489/2021/ജ.വി.വ പ്രകാരം നൽകിയിട്ടുണ്ട്. 44 എം.എൽ.ഡി ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി നബാർഡിന് കീഴിൽ ഇതിനകം അനുവദിച്ചിട്ടുള്ളതും, പണി പുരോഗമിക്കുകയുമാണ്. ഇൻടേക്ക് വെൽ കം പമ്പ് ഹൗസ്, 900mm DI K9 റോ വാട്ടർ പമ്പിംഗ് മെയിൻ, അപ്രോച്ച് ബ്രിഡ്ജ് സബ്സ്റ്റേഷൻ കെട്ടിടം, ട്രാൻസ്ഫോർമർ, പമ്പ് സെറ്റുകൾ തുടങ്ങി ശേഷിക്കുന്ന ഘടകങ്ങൾ ഒരൊറ്റ പാക്കേജായി ക്രമീകരിക്കുകയുണ്ടായി. ആവർത്തിച്ച് ദർഘാസ് ക്ഷണിച്ചിട്ടും ബിഡ്ഡേഴ്സിന്റെ മോശം പ്രതികരണം കാരണം പ്രസ്തുത പ്രവൃത്തി അനുവദിക്കുവാൻ കഴിഞ്ഞില്ലെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. എസ്റ്റിമേറ്റ് പുനർനിർണയിക്കുകയും പ്രസ്തുത പ്രവൃത്തിക്ക് 1566 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി 09.07.2024 - ന് നൽകുകയും ചെയ്തിട്ടുണ്ടെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയ്ക്ക് 1326.66 ലക്ഷം രൂപ Tendered PAC ആയി ദർഘാസ് ക്ഷണിക്കുകയുണ്ടായി. ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ 23.09.2024- ന് പുനഃദർഘാസ് ക്ഷണിച്ചു. പുനഃദർഘാസിൽ "M/s Noble Tech Engineering Pvt Ltd" എന്ന കരാറുകാരനിൽ നിന്നും ഒരു ഓഫർ ലഭിച്ചു. 14.10.2024- ന് ചേർന്ന സ്പെഷ്യൽ ടെക്നിക്കൽ കമ്മിറ്റി സാങ്കേതിക ബിഡ്ഡുകൾ വിലയിരുത്തിയ ശേഷം ഏക ബിഡ്ഡറെ പ്രീ-ക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയുണ്ടായി. M/s Noble Tech Engineering Pvt Ltd എന്ന സിംഗിൾ ബിഡ്ഡർ

ക്വാട്ട് ചെയ്ത തുക TPACആയ 13,26,66,408/- രൂപയേക്കാൾ 29.5% അധികരിച്ച 17,18,00,682.49/- രൂപയാണ്.

4. ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിനും, ആയത് SOR+10% ടോളറൻസ് പരിധി, പ്രാദേശിക വിപണി നിരക്ക് ഇവയിൽ ഏതാണോ കറവ് അതിലേയ്ക്ക് കൊണ്ടുവരാനുള്ള സാധ്യത പര്യവേക്ഷണം ചെയ്യുന്നതിനുമായി ടെണ്ടറിംഗ് അതോറിറ്റി കരാറുകാരനുമായി negotiation നടത്തുകയുണ്ടായി. ക്വാട്ട് ചെയ്ത തുക TPAC യേക്കാൾ 27.58% അധികരിച്ച 16,92,61,967/- രൂപയായി കുറയ്ക്കുന്നതിന് കരാറുകാരൻ തയ്യാറായി. പ്രാദേശിക വിപണി നിരക്ക് ദർഘാസ് തുകയേക്കാൾ 6.18% അധികരിച്ച 14,08,61,258.31/- രൂപയും, negotiated തുക പ്രേദേശിക വിപണി നിരക്കിനേക്കാൾ 20.16% വുമാണ്.

5. M/s Noble Tech Engineering Pvt. Ltd, Noble House, M.K.K Nair Road, Palarivattom, Cochin -25 എന്ന single bidder-ന്റെ എല്ലാ ഇനങ്ങൾക്കും ക്വാട്ട് ചെയ്ത നിരക്ക്, നിലവിലെ DsoR-മായും, Tendered PAC യുമായും, പ്രാദേശിക വിപണി നിരക്കുമായും താരതമ്യം ചെയ്തിട്ടുണ്ടെന്ന് സ്പെഷ്യൽ ടെക്നിക്കൽ കമ്മിറ്റി നിരീക്ഷിച്ചു. ക്വാട്ട് ചെയ്ത നിരക്കുകൾ പരിശോധിച്ചപ്പോൾ, അസാധാരണമായി ഉയർന്ന നിരക്കാണെന്ന് സ്പെഷ്യൽ ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തി. നിലവിലുള്ള സർക്കാർ ഉത്തരവ് പ്രകാരം താഴെപ്പറയുന്നവയിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് മാത്രമേ പ്രവൃത്തി നൽകാൻ കഴിയൂ എന്ന് ടെൻഡർ കമ്മിറ്റി നിരീക്ഷിച്ചു. താരതമ്യ വിശദാംശങ്ങൾ ഇപ്രകാരമാണ്:

| | | |
|---|---|---|
| 1 | Negotiated Quated amount | Rs. 16,92,61,967/-<br>(27.58% above TPAC) |
| 2 | Current SoR + 10% | Rs. 14,59,33,049.24/- |
| 3 | TPAC based on LMR | Rs.14,08,61,258.31/-<br>(6.18% above TPAC) |

5. നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി മുകളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ ഏറ്റവും കുറഞ്ഞ തുകയും, പ്രാദേശിക വിപണി നരക്കുമായ 14,08,61,258.31/- രൂപയ്ക്ക് മാത്രമേ പ്രവൃത്തി അനുവദിക്കാനാകൂ.

6. 2018 ലെ DSoR- നെ അപേക്ഷിച്ച് താഴെപ്പറയുന്നവയുടെ സമീപകാല വില വ്യതിയാനങ്ങളാണ് ഉയർന്ന നിരക്ക് ക്വാട്ട് ചെയ്യതിന് പ്രധാന കാരണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നിരീക്ഷിക്കുകയും താഴെ പറയുന്നവ റിപ്പോർട്ടു ചെയ്യുകയും ചെയ്തു.

1. Work is estimated based on 2018 DSR.
2. There is hike of 11% in the cost of 900mm DI pipe in 2023 DSR compared to 2018 DSR.
3. In 2023 DSR, labour charges are increased by 200% to 30% compared to 2018 DSR.
4. There is a hike of 20% in the cost of steel bars in 2023 DSR compared to 2018 DSR.
5. The work was tendered multiple times under both JJM and NABARD heads, but no favourable offer received.

7. പ്രസ്തുത പ്രവൃത്തിയ്ക്ക് പലതവണ ടെൻഡർ ക്ഷണിച്ചുവെന്നും, ഇപ്പോൾ ഒരു ഓഫർ മാത്രമേ ലഭിച്ചുള്ളൂവെന്നും, വീണ്ടും ടെൻഡർ ചെയ്താലും കൂടുതൽ ഓഫറുകൾ ലഭിക്കാനുള്ള സാധ്യത വളരെ കുറവാണെന്നും കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ അറിയിച്ചു. ഈ സാഹചര്യത്തിൽ, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ആവശ്യമായ അനുമതിക്കായി പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചു. പ്രസ്തുത പ്രവൃത്തിയുടെ നബാർഡ്-ആർ.ഐ.ഡി.എഫ് ട്രാഞ്ചെ XXVII ന്റെ കാലാവധി 2026 മാർച്ചോടെ പൂർത്തിയാകുമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

8. 24.08.2015-ലെ സ. ഉ (പി) നം. 375/15/ധന പ്രകാരം ഉത്തരവ് പ്രകാരം അധിക തുകയ്ക്ക് ടെണ്ടറുകൾ അനുവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഇപ്രകാരമാണ്:

*"Normally no tender excess above 10% of estimated PAC will be allowed. If the lowest tender received exceeds 10% of the estimated cost, all such works shall be re- tendered under normal circumstances. However, if the Heads of Departments feel that some works exceeding 10% of PAC are to be urgently executed in the exigency of public service, then all such works shall be sanctioned at Government level with the concurrence of Finance Department. The Head of Department shall exercise due diligence in recommending each such proposal and should personally evaluate the circumstances that warrants such special considerations and submit a detailed justification for the acceptance of each such proposals"*

9. ധനകാര്യ വകുപ്പ് താഴെ പറയുംപ്രകാരം അഭിപ്രായപ്പെട്ടു:

*"നിലവിലെ ട്രാഞ്ചെയുടെ കാലാവധി നീളുന്ന സാഹചര്യത്തിൽ ഈ പ്രവൃത്തിക്ക് മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെ അനുമതി നൽകേണ്ടതാണെന്ന് അറിയിക്കുന്നു.*

*ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"*

10. ബഹു. ജലവിഭവ വകുപ്പ മന്ത്രി താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു:

"അനവധി പ്രാവശ്യം ടെണ്ടർ ചെയ്ത കേസാണിത്. കൂടാതെ 2024-ലാണ് ടെണ്ടർ ചെയ്തതെങ്കിലും 2018 ഡി.എസ്.ആർ പ്രകാരമുള്ള എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പൈപ്പുകൾ, ലേബർ ചാർജ്ജ്, സ്റ്റീൽ കമ്പി എന്നിവയ്ക്ക് ഗണ്യമായ വിലവർദ്ധന ഡി.എസ്.ആർ 2018-ൽ നിന്നും ഡി.എസ്.ആർ. 2023-ൽ കാണുന്നു. കൂടാതെ നബാർഡ് പദ്ധതി ആയതിനാൽ കാലതാമസം ഉണ്ടാകുന്നത് നബാർഡ് ധനസഹായം നഷ്ടമാകുന്നതിന് കാരണമാകും. കൂടാതെ എൽ.എം.ആർ, ടോളറൻസ് ലിമിറ്റിനേക്കാൾ താഴ്ന്നനിൽക്കുന്നു എന്നുള്ളത് പ്രൈസ് സംവിധാനത്തിലെ അപാകത ചൂണ്ടികാണിക്കുന്നു. മേൽ സാഹചര്യത്തിൽ ധനവകുപ്പ് കൂടി അഭിപ്രായപ്പെട്ട പ്രകാരം ഇക്കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും."

11. ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കു സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായി.

12. മന്ത്രിസഭാ യോഗത്തിലേയ്ക്കുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ, DSoR 2021 പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ, ക്വാട്ട് ചെയ്ത തുകയെ DSoR 2021 അടിസ്ഥാനമാക്കിയുള്ള തുകകളുമായി കൂടി താരതമ്യം ചെയ്ത് കുറിപ്പ് പരിഷ്കരിക്കാൻ ചീഫ് സെക്രട്ടറി നിർദ്ദേശിച്ചു.

**Comparison Statement**

| Negotiated Quoted Amount - Rs. 16,92,61,967/- | | |
|---|---|---|
| **As per DsoR 2018** | Amount | Quoted Amount Percentage Above or Below |
| Tendered PAC | Rs. 13,26,66,408/- | **27.58% Above** |
| Current SoR (2018)+10% amount | Rs. 14,59,33,049.24/- | **15.98% Above** |
| Local Market Rate (LMR) | Rs.14,08,61,258.31/- | **20.16% Above** |

| **As per DsoR 2021** | Amount | Quoted Amount Percentage Above or Below |
|---|---|---|
| Tendered PAC | Rs. 14,11,45,870.3/- | **19.92% Above** |
| SoR (2021)+10% amount | Rs. 15,52,60,457.33/- | **9.01% Above** |

**തീരുമാനിക്കേണ്ട വിഷയം**

"NABARD- RIDF XXVII - CWSS to Kunnathoor, Poruvazhy, Sooranad North Panchayaths in Kunnathoor Taluk and Thazhava, Thodiyoor Kulasekharapuram Panchayaths in Karunagappally Taluk" എന്ന പ്രവൃത്തിയ്ക്ക് "M/s Noble Tech Engineering Pvt. Ltd, Noble House, M.K.K Nair Road, Palarivattom, Cochin -25" എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ദർഘാസ്, Tendered PAC യേക്കാൾ 27.58% അധികരിച്ച തുകയായ 16,92,61,967/- രൂപയ്ക്ക് (പതിനാറ് കോടി തൊണ്ണൂറ്റി രണ്ട് ലക്ഷത്തി അറുപത്തി ഒന്നായിരത്തി തൊള്ളായിരത്തി അറുപത്തിയേഴ് രൂപ മാത്രം) അനുവദിക്കുന്നതിന് മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയ്ക്ക് അനുമതി നൽകാമോ;